കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/2034/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി: 03-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

MAC.10/17

നം.കെ.എസ്.എ.എം.പി.എം.15/2034/2017 തിയ്യതി: 03-10-2017

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.12.2016 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-08-2017 മുതൽ 17-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. അലി അക്ബർ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 9.8.2017 വരെ |
| ശ്രീ മുഹമ്മദ് സിയാദ് പി.പി | സീനിയർ ഓഡിറ്റർ (14.8.2017 മുതൽ) |
| ശ്രീമതി. സിന്ധു ഐ. | സീനിയർ ഓഡിറ്റർ (14.8.2017 മുതൽ) |
| ശ്രീമതി. ജിഷ കെ | ഓഡിറ്റർ (9.8.2017 വരെ) |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. അബ്ദുസലാം ചക്കാലക്കൽ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ ടി കെബാബു | 01.04.2016 മുതൽ 28.07.2016 വരെ |
| | ശ്രീ. ജി സുരേന്ദ്രൻ | 29.07.2016 മുതൽ 15.11.2016 വരെയും |
| | ശ്രീ. കെ ജയൻ | 16.11.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജി.സുരേന്ദ്രൻ | 1.04.2016 മുതൽ 31.3.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. മഹേഷ് ഒ. | 01.04.2016 മുതൽ 20.8.2016AN വരെ 21.8.16(ആർക്കും ചാർജില്ല) |
| | ശ്രീ. ബിനീഷ് എ | 22.8.16 മുതൽ 31.3.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അരുൺ ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രീത എം ഡി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. അലക്സി ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഷീജ ജോസഫ്. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ശശിധരൻ കെപി | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഹാഷിം.പിപി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സമീറ കെ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | തൊഴിൽ നികുതി:പൊതു അപാകതകൾ | 2-1 | |
| 13 | ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-2 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു | 3-1 | |
| 15 | വിജയഭേരി - നടത്തിപ്പ് - അപാകതകൾ | 3-2 | |
| 16 | ആയുർവ്വേദ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-3 | |
| 17 | പരിരക്ഷ ഹോംകെയർ പദ്ധതി മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-4 | |
| 18 | ഹോമിയോ - മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-5 | |
| 19 | കുടുംബശ്രീ സ്വയം തൊഴിൽ യൂണിറ്റുകൾ:പുരോഗതി വിലയിരുത്തേണ്ടതാണ് | 3-6 | |
| 20 | എസ് സി ഫണ്ട് വിനിയോഗിച്ചതിലെ അപാകതകൾ | 3-7 | |
| 21 | വാർഷിക പദ്ധതി:മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല | 3-8 | |
| 22 | ആശ്രയ പദ്ധതി- അഗതികളുടെ പുനരധിവാസത്തിനായി രണ്ടാം ഘട്ടം നടപ്പിലായില്ല | 3-9 | |
| | | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 35 | Audit Certificate | 2 | |
| 36 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 37 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 38 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 05.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് 30.03.2017 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം പുതുക്കി.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 18/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 04-08 -2017 മുതൽ 17-08-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷികകണക്കിൻമേൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി, തൻവർഷ ഡിമാന്റ് /കുടിശ്ശിക ഡിമാന്റ്, തൻവർഷ കളക്ഷൻ /കുടിശ്ശിക കളക്ഷൻ എന്നിവ വാർഷിക കണക്കുമായി യോജിക്കുന്നില്ല.

3. സാമ്പത്തിക പത്രികയിൽ മുൻ വർഷത്തെ താരതമ്യ തുക രേഖപ്പെടുത്തിയിട്ടില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവ സംക്ഷിപ്തമെഴുതാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

6. താഴെ പറയുന്ന ബാങ്ക് അക്കൌണ്ടുകൾ പലിശ ക്രഡിറ്റ് ചെയ്യുന്നതല്ലാതെ യാതൊരു ഇടപാടുകളും ഇല്ല.

C.S.C.B A/c No: 2306

Canara Bank – NOAP A/c No: 1049101010214

7.വാർഷിക കണക്കും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | എ.സി.ആർ പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം | വിശദീകരണം (എൻക്വയറി 1 നുള്ള മറുപടി പ്രകാരം) |
|---|---|---|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് (T.S.P) യുടെ ചെലവ് | 0.0 | -- | 268200.00 | 268200.00 | S.C.P ഫണ്ട് ഹെഡ് മാറി അക്കൌണ്ട് ചെയ്തു. |
| ഡവലപ്പ്മെന്റ് ഫണ്ട് (S.C.P) യുടെ ചെലവ് | 774980.00 | -- | 417930.00 | 357050.00 | ഹെഡ് മാറി അക്കൌണ്ട് ചെയ്തു. |
| എൻ.ആർ.ജി.എ യുടെ മൊത്തം വരവ് | -- | 3634485.00 (എൻ.ആർ.ജി.എ കാഷ് ബുക്ക് പ്രകാരം) | 3654059.00 | 19574.00 | രണ്ട് തവണ കറക്ഷൻ എൻട്രി വരുത്തി |

9. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

10. B-12 ഷെഡ്യൂൾ പ്രകാരം 577729.00 രൂപയാണ് നിക്ഷേപമായി കാണിച്ചിരിക്കുന്നത്. അതിൽ, മലപ്പുറം ജില്ല പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 100 രൂപ വിലയുള്ള 50 ഷെയറുകൾ ( 5000 രൂപ ) ഉണ്ട്. ബാക്കി, 572729.00 രൂപയുടെ നിക്ഷേപത്തിൽ 571629/- രൂപ പ്രൊജക്ട് നമ്പർ 101/17(ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ) ന്റെ ചെലവ് തുകയാണ്.ആയത്, സാംഖ്യയിൽ ഹെഡ് മാറി അക്കൌണ്ട് ചെയ്തതാണ്. (എൻക്വയറി 2 നുള്ള മറുപടി പ്രകാരം) . ബാക്കി, 1100/- രൂപയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

11. 2015-16സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,01,173 |
| വരവ് | 3,58,36,852 |
| ആകെ | 4,38,38,025 |
| ചെലവ് | 3,39,39,087 |
| നീക്കിയിരിപ്പ് | 98,98,938 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവു ശതമാനം | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10815899 | 10815899 | 10005196 | 810703 | 92.50% | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 835527 | 835527 | 774980 | 60547 | 92.75% | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3887190 | 3887190 | 12954 | 23874236 | 60.82% | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 2997432 | 2997432 | 1371974 | 1625458 | 45.77% | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6065442 | 6065442 | 3922423 | 2143019 | 64.66% | 0 |
| ലോക ബാങ്ക് സഹായം | 0 | 3200468 | 3200468 | 1627266 | 738333 | 50.84% | 0 |
| എൻ ആർ ഇ ജി എസ് | 436 | 3604049 | 3634485 | 3634091 | 0 | 99.98% | 394 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 35205890 | 35205890 | 35205890 | 0 | 100% | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 42017580 | 73 | 24787081 | 3 | 60 | 53% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം- സംക്ഷിപ്തം

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 3786380 | 9 | 3527900 | 0 | 0 | 100 |
| അസി. എഞ്ചിനീയർ | 65 | 13065460 | 14 | 2853081 | 0 | 51 | 21.53 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 1157932 | 5 | 1055024 | 0 | - | 100 |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 1 | 100000 | 1 | 100000 | 0 | 0 | 100 |
| വെറ്ററിനറി സർജൻ | 4 | 836933 | 4 | 795781 | 0 | 0 | 100 |
| ഹെഡ് മാസ്റ്റർ | 4 | 553850 | 3 | 452836 | 0 | 1 | 75 |
| ഐ.സി.ഡി. എസ് സൂപർ വൈസർ | 5 | 5557350 | 5 | 5219104 | 0 | 0 | 100 |
| വി.ഇ.ഒ | 11 | 7120585 | 11 | 5181985 | 0 | 0 | 81.81 |
| അസിസ്റ്റൻറ് സെക്രട്ടറി (നിർവഹണം നടത്തിയത്-സെക്രട്ടറി) | 8 | 3316492 | 7 | 2074980 | 1 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സെക്രട്ടറി | 24 | 6522598 | 14 | 3526380 | 2 | 8 | 66.66 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 57.85% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2193549 | 3875729 | 1682180 | (+) 76.68 |
| നികുതിയേതര വരവുകൾ | 673371 | 649880 | (-)23491 | (-) 34.88 |
| മറ്റു വരവുകൾ | | | | |
| ആകെ | 2866920 | 4525609 | 1658689 | (+)57.85 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12600 | 7 |
| കർഷകതൊഴിലാളി വേതനം | 468590 | 53 |
| വിധവാപെൻഷൻ | 11720470 | 1155 |
| വാർദ്ധക്യകാല പെൻഷൻ | 19159850 | 1735 |
| വികലാംഗ പെൻഷൻ | 3472180 | 358 |
| വിവാഹ ധനസഹായം(വിധവകളുടെ പെൺമക്കൾക്ക്) | 300000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 42200 | 4 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | - | - | . |
| 2 | കർഷകതൊഴിലാളി വേതനം | 3 | 3 | 0 | - |
| 3 | വിധവാപെൻഷൻ | 127 | 127 | 0 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 442 | 441 | 1 | - |

| | | | | | |
|---|---|---|---|---|---|
| 5 | വികലാംഗപെൻഷൻ | 23 | 22 | 1 | 6 എണ്ണം അന്വേഷണം കഴിഞ്ഞ് നാളിതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ല) |
| 6 | വിവാഹ ധനസഹായം | 8 | 8 | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11167/- രൂപ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

1.വി.ഇ.ഒ ,ഹെഡ്മാസ്റ്റർ എന്നിവർ ടി ആർ 7A ക്യാഷ്ബുക്ക്,പ്രോജക്ട് രജിസ്റ്റർ എന്നിവ ഉപയോഗിക്കുന്നില്ല.
2.പഞ്ചായത്തിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ മേൽ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാകുന്നതിൽ അനാവശ്യ കാലതാമസം നേരിടുന്നു.
3.ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. സർക്കാർ നിർദേശപ്രകാരമുള്ള മുഴുവൻ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 19.06.2017 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2011 മുതൽ<br>14.03.2011 വരെ | 2005-06മുതൽ<br>2009-10 വരെ | 30.04.2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി:പൊതു അപാകതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i).സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

(ii) പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/09.08.2017) നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണന്ന മറുപടിയാണ് നൽകിയത്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ

1. ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിൽ സമയപരിധി പാലിക്കാത്തത്
1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മനുഷ്യന്റെ ജീവനോ , ആരോഗ്യത്തിനോ, സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആവാനിടയുള്ള യാതൊരു കാര്യത്തിനും പഞ്ചായത്തിന്റെ യാതൊരു പ്രദേശവും ഉപയോഗിക്കാൻ പാടുള്ളതല്ല. ചട്ടം 8 പ്രകാരം ലൈസൻസിന്റെ കാലാവധി വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ്.ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപായും, പുതുതായി ആരംഭിക്കുന്ന സ്ഥലങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിനു മുൻപായുംസമർപ്പിക്കേണ്ടതാകുന്നു. ചട്ടം 26 പ്രകാരം മേൽ ചട്ടങ്ങളുടെ ലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255പ്രകാരം ആയിരം രൂപയോളം വരുന്ന പിഴയീടാക്കാവുന്നതും കുറ്റസ്ഥാപനത്തിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അൻപത് രൂപ പിഴ ഈടാക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ പരിശോധിച്ചപ്പോൾ ലൈസൻസ് പുതുക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചില്ലെന്നു കാണുന്നു. 2016-17 വർഷം 125 കച്ചവടക്കാർക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ ചട്ടപ്രകാരം സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായി ലൈസൻസിനായി അപേക്ഷിച്ചവർ ആരും തന്നെയില്ല. എന്നാൽ ലൈസൻസ് പുതുക്കാൻ വൈകി അപേക്ഷിച്ചവരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/09.08.2017) സമയപരിധിക്കുള്ളിൽ ലൈസൻസിനായി അപേക്ഷിക്കാത്തവരിൽ നിന്നും നാളിതുവരെ പിഴ ഈടാക്കിയിട്ടില്ലെന്നും മേലിൽ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക1 ൽ ക്രമ നമ്പർ 149 ആയി റേഷൻ കടകളും, മാവേലി സ്റ്റോറുകളും ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നിവയ്ക്ക് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയില്ല ആയത് തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു

2016-17 വർഷത്തെ വിവിധ പ്രോജക്ടുകളിലായി സെക്രട്ടറി ചെലവഴിച്ച താഴെ പറയുന്ന തുകകൾ വിനിയോഗ സാക്ഷ്യപത്രം/ കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ വൌച്ചർ നമ്പർ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 105/2017 എസ് എസ് എ വിഹിതം അടവാക്കൽ | വൌച്ചർ നമ്പർ 21600464/28.10.2016 ബിൽ നമ്പർ 05/16-17/ 18.10.2016 | 1630000 | എസ് എസ് എ ജില്ലാ പ്രോജക്ട് ഓഫീസർ , മലപ്പുറത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

| | | | | |
|---|---|---|---|---|
| 2 | 51/17 പി എം എ വൈ വിഹിതം അടവാക്കൽ | വൌച്ചർ നമ്പർ 21600467/28.10.2016 ബിൽ നമ്പർ 06/16-17/ 21.10.2016(300000/-) | 3,00,000 | താനൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്കു നൽകുന്നതിനായി പിൻവലിച്ച 380000/- രൂപയിൽ 80000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്. |
| 4 | 124/17 DPC കെട്ടിട നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്തിന്റെ വിഹിതം | വൌച്ചർ നമ്പർ 21600755/02.03.2017 ബിൽ നമ്പർ 18/16-17/ 22.02.2017 | 200000 | മേൽ പ്രോജക്ടു പ്രകാരം ചെയർ പേഴ്സൺ ആന്റ്, ജില്ലാ ആസൂത്രണ സമിതി, മലപ്പുറത്തിന് നൽകുന്നതിനായി പിൻവലിച്ച തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. |
| 5 | 131/17 കേരളാ സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകൽ | വൌച്ചർ നമ്പർ 21600756//02.03.2017 ബിൽ നമ്പർ 19/16-17/ 22.02.2017 | 200000 | മേൽ പ്രോജക്ടു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ തിരുവനന്തപിരത്തിന് നൽകുന്നതിനായി പിൻവലിച്ച തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. |
| 6 | 03/17 പദ്ധതി രൂപീകരണം - നിർവ്വഹണം മോണിറ്ററിംഗ്. | വൌച്ചർ നമ്പർ 21600912/2.03.2017 ബിൽ നമ്പർ 22/16-17/ 18.03..2017 | 960 | മേൽ പ്രോജക്ട് പ്രകാരം ചന്ദ്രിക ഡെയ് ലിക്ക് നൽകുന്നനതിനായി (ബിൽ നമ്പർ3331/17.03.17) പിൻവലിച്ച 960/- രൂപയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 7 | 147/17 വരൾച്ചാ ദുരിതാശ്വാസം - വാഹനത്തിൽ കുടിവെള്ള വിതരണം നടത്തൽ | ബിൽ നമ്പർ 32/16-17/ 30.03.2017 (121260) | 7276 | മേൽ പ്രോജക്ട് പ്രകാരം വാറ്റ് ഇനത്തിൽ പിൻവലിച്ച 6063/- രൂപയും, ഐ ടി ഇനത്തിൽ പിൻവലിച്ച 1213 രൂപയും അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| ആകെ | | | 2338236 | |

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം , തുകകളുടെ വിനിയോഗ വിവരം , കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 2338236/- രൂപ തടസ്സം ചെയ്യുന്നു.

## 3-2 വിജയഭേരി - നടത്തിപ്പ് - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | വിജയഭേരി പദ്ധതി S0040/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| ബിൽ നമ്പർ | 1/07.03.17 - |
| തുക | 25000(വികസന ഫണ്ട്) |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കുക എന്നല്ലാതെ, എങ്ങിനെ ചെയ്യണം എന്നോ, എങ്ങിനെ, അതിന്റെ ഫീഡ് ബാക്ക് പരിശോധിക്കണമെന്നോ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

2. 12-ാം പദ്ധതി മാർഗ്ഗ രേഖ, ഖണ്ഡിക11.6(iii) പ്രകാരം(സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ/11.01.2016), വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവർത്തനം ഒഴിവാക്കുന്നതിന് വേണ്ടി എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

3. വിജയഭേരി എന്ന പേരിൽ വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താൻ 25000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചത് ഉറപ്പു വരുത്താൻ യുക്തമായ രേഖകൾ ലഭ്യമല്ല.

മേൽ അപാകതകൾ കാരണം 25000/- രൂപ തടസ്സം ചെയ്യുന്നു

## 3-3 ആയുർവ്വേദ മരുന്ന് ലഭ്യമാക്കിയിട്ടില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതിയിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി ഔഷധിക്ക് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ മുഴുവൻ, ഔഷധി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക | ഔഷധിക്ക് ട്രാൻസ്ഫർ ചെയ്ത തീയതി/ഡി.ഡി. നമ്പർ |
|---|---|---|---|
| S0046/17<br>ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി | 03/16-17 /27.01.2017<br>04/16-17 /27.01.2017<br>10/16-17 /17.03.2017 | 200000.00<br>160892.00<br>175000.00 | 11-02-2017<br>11-02-2017<br>17.03.2017 |

മൊത്തം, 535892/- രൂപയുടെ മരുന്നിന് ഔഷധിക്ക് തുക മുൻകൂറായി നൽകിയെങ്കിലും 239725/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 296167/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു.മരുന്നുകൾ ലഭിക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-4 പരിരക്ഷ ഹോംകെയർ പദ്ധതി മരുന്ന് ലഭ്യമാക്കിയിട്ടില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ ഹോംകെയർ

പദ്ധതിയിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക | KMSCL -ന് ട്രാൻസ്ഫർ ചെയ്ത തീയതി/ഡി.ഡി. നമ്പർ |
|---|---|---|---|
| S0058/17 പരിരക്ഷ ഹോംകെയർ പദ്ധതി | 08/16-17 /16.03.2017 | 75000.00 | 07-12-2016 |

ശേഷിക്കുന്ന മരുന്ന് കൂടി ലഭിക്കുന്നതു വരെ 75000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ഹോമിയോ - മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ - മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| S0108/17 ഹോമിയോ - മരുന്ന് വാങ്ങൽ | 100000(റോഡിതരം) | 100000 | 01/16-17/23.03.2017 |

HOMCO -ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 23/03/2017 ന് 100000/- രൂപ മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, HOMCO ലഭ്യമാക്കിയിട്ടില്ല. അതിനാൽ, മരുന്നുകൾ ലഭിക്കുന്നതു വരെ 100000 /- രൂപ തടസ്സം ചെയ്യുന്നു.

## 3-6 കുടുംബശ്രീ സ്വയം തൊഴിൽ യൂണിറ്റുകൾ:പുരോഗതി വിലയിരുത്തേണ്ടതാണ്

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ വികസന ഫണ്ടിൽ നിന്നും താഴെ കാണിച്ച പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO067/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക | : | ₹2,00,000/- (വികസന ഫണ്ട് - Gen) |
| ചെലവഴിച്ചത് | : | ₹2,00,000/-(വികസനഫണ്ട്) |

ബിൽ നം.12/2016-17 : ₹2,00,000/-തീയതി:29.03.2017

സ്വയം തൊഴിലിന് ആസ്തികൾ വാങ്ങുന്നതിന് 10 വനിതകൾ ഉൾപ്പെടുന്ന 4 കുടുംബശ്രീ വനിത യൂണിറ്റുകൾകൾക്ക് 50,000/- രൂപ നിരക്കിലുള്ള സബ്സിഡിയാണ് കനറാ ബാങ്കിലേക്ക് നല്കിയത്. തൊഴിൽ യൂണിറ്റ് തടങ്ങുന്നതിന് ആവശ്യമായ തുക ബാങ്കിൽ നിന്നും വായ്പയായി സംഘടിപ്പിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്നത്. സബ്സിഡി അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത തൊഴിൽ യൂണിറ്റുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. അക്ഷയ (NHG);ചുടലപ്പുറം

കാറ്ററിംഗ് & കാന്റീൻ യൂണിറ്റ് നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. യൂണിറ്റ് പ്രവർത്തനത്തിൽ നിന്നും വർഷത്തിൽ 975000 രൂപ വിറ്റുവരവും 869500 രൂപ ചെലവും 105000 രൂപ ലാഭമായും പ്രതീക്ഷിക്കുന്ന രീതിയിലാണ്പദ്ധതി വിഭാവനം ചെയ്യുന്നത്.

2.ശാന്തി(NHG);പരന്നേക്കാട്

കാറ്ററിംഗ് & കാന്റീൻ യൂണിറ്റ് നടത്തുന്നതിനു നൽകിയിട്ടുള്ളത് .വർഷത്തിൽ 975000 രൂപ വിറ്റുവരവും 869500 രൂപ ചെലവും 105000 രൂപ ലാഭമായും പ്രതീക്ഷിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്

3.അൽഅമീൻ(NHG);സുലൈമാൻപടി

പലഹാര യൂണിറ്റ് &കാറ്ററിംഗ് സർവ്വീസ് നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. വർഷത്തിൽ 975000 രൂപ വിറ്റുവരവും 869500 രൂപ ചെലവും 105000 രൂപ ലാഭമായും പ്രതീക്ഷിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

4.ദീപം (NHG);മണ്ടകത്തിൻപറമ്പ്

ടൈലറിംഗ് യൂണിറ്റ് തുടങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. വർഷത്തിൽ 753400 രൂപ വിറ്റുവരവും 701900 രൂപ ചെലവും 61500 രൂപ ലാഭമായും പ്രതീക്ഷിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

കുടുംബശ്രീ വനിത യൂണിറ്റുകൾകൾക്ക് തൊഴിൽ യൂണിറ്റ് തുടങ്ങുന്നതിന് വായ്പ അനുവദിക്കാമെന്ന് ബാങ്കിൽ നിന്നും അറിയിക്കുന്നുണ്ടെങ്കിലും വായ്പ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലില്ല.

യൂണിറ്റുകൾ വായ്പ സ്വീകരിച്ചതിന്റെ വിശദാംശവും പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.10/16.08.2017 നു നല്കിയ മറുപടിയിൽ ലോൺ തുക വിതരണം ചെയ്തതായും മേൽപറഞ്ഞ ഗ്രൂപ്പുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങളുടെ പുരോഗതിബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് ഭരണ സമിതിയും യഥാസമയം വിലയിരുത്തേണ്ടതും ഉചിതമായ തുടർനടപടികൾ കൈക്കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-7 എസ് സി ഫണ്ട് വിനിയോഗിച്ചതിലെ അപാകതകൾ

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

2016-17 വാർഷിക പദ്ധതിയിൽ എസ് സി വിഭാഗത്തിൽ വികസന ഫണ്ടുപയോഗിച്ച് വിവിധാവശ്യങ്ങൾക്കായി ധനസഹായം അനുവദിച്ചതിൽ ഫണ്ടു വിനിയോഗവുമായി ബന്ധപ്പെട്ട് രേഖകൾ പൂർണ്ണമായും ലഭ്യമാക്കാത്തതും ലഭ്യമാക്കിയ രേഖകളിലെ അപാകതകളും താഴെ ചേർക്കുന്നു.

1.പട്ടികജാതി പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണത്തിന് വരുമാന പരിധി പാലിച്ചില്ല

പട്ടിക ജാതി വിഭാഗത്തിലെ പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനുള്ള 69/2017നമ്പർ പ്രോജക്ടിൽ 268,200 രൂപയാണ് വകയിരുത്തിയത്. പ്രോജക്ടിന്റെ

ഭാഗമായി ടെൻഡർ നടപടികളിലൂടെ വേങ്ങര കേന്ദ്രമായുള്ള പെന്റാസ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങി പഞ്ചായത്ത് പരിധിയിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന 9 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് വികസന ഫണ്ടിൽ നിന്നും 268,200 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 17/23.03.2017)

മേൽ പ്രോജക്ടിൽ കുടുംബ വാർഷിക വരുമാനം 50,000രൂപ വരുന്നവർക്കാണ് ആനുകൂല്യം നൽകാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 1.5 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾ ധനസഹായത്തിന് അർഹരാണെന്ന് പദ്ധതി മാർഗ്ഗരേഖയെ തുടർന്നുള്ള നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയതാണ്. പ്രോജക്ടിന്റെ ഭാഗമായി ലാപ് ടോപ്പ് നൽകിയ റോയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി അക്കിക്കാവ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ ബി.ടെക്കിന് പഠിക്കുന്ന യശ്വന്ത് പടിക്കൽ പറമ്പിൽ എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം (ചെറിയമുണ്ടം വില്ലേജ് ഓഫീസറുടെ 28.02.2017 ലെ 23494662നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം) 330,624 രൂപയാണ്. കോട്ടക്കൽ വൈദ്യരത്നം പി.എസ് വാര്യർ ആയുർവേദ കോളേജിൽ പഠിക്കുന്ന കാവ്യ സി പ്രകാശ്, ചോപ്പൻ ഹൗസ് ,എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം (ചെറിയമുണ്ടം വില്ലേജ് ഓഫീസറുടെ 12.03.2017 ലെ 23681653നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം) 320,000 രൂപയാണ്. ആനുകൂല്യത്തിന് ഗുണഭോക്താക്കളുടെ എണ്ണം കുറവായിരുന്നെന്നാണ് വിശദീകരണം നൽകിയത്. ആനുകൂല്യവിതരണത്തിന് പ്രോജക്ട് നിബന്ധകളും മാർഗരേഖയും കർശനമായും പാലിക്കുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്.

2.പഠന മുറി നിർമ്മാണം:മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാനായില്ല

പ്രോജക്ട് നമ്പർ 98/2017 പ്രകാരം എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ വികസന ഫണ്ട്, തനത് ഫണ്ടു ഉൾപ്പെടെ 3 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഒരു ഗുണഭോക്താവിനെ മാത്രമാണ് ആനുകൂല്യവിതരണത്തിനായി തിരഞ്ഞെടുത്തത്. നളിനി മണ്ണാരപ്പുരക്കൽ എന്ന ഗുണഭോക്താവ് പഠന മുറി നിർമ്മാണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ച് 50,000 രൂപ മുൻകൂർ കൈപ്പറ്റിയിട്ടുണ്ട് ( ബിൽ നമ്പർ 14/23.03.2017).പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.50000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

3.സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങൽ - ലോൺ വിതരണരേഖയില്ല.

പ്രോജക്ട് നമ്പർ 63/2017ൽ തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ബാങ്ക് ലോൺ ലഭ്യമാക്കി അതിലേക്ക് സബ്സിഡി അനുവദിക്കുന്നതിനാണ് വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം, വായ്പ ഉൾപ്പെടെ 6 ലക്ഷം വകയിരുത്തിയത്.

ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ഫെഡറൽ ബാങ്ക് തലക്കടത്തൂർ ശാഖ, കനറാ ബാങ്ക് എന്നിവയിലേക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത 4 ഗുണഭോക്താക്കളുടെ വിവരം അറിയിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഫെഡറൽ ബാങ്കിൽ നിന്നും ലോൺ വാങ്ങിയ ഒരു ഗുണഭോക്താക്കാവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടുണ്ട്. കനറാ ബാങ്കിൽ നിന്നും ലോൺ വാങ്ങുന്നതിനായി 1.5 ലക്ഷം സബ്സിഡി (ബിൽ നമ്പർ 16/23.03.2017) തെരഞ്ഞെടുത്ത 3 ഗുണഭോക്താക്കൾക്കായി അനുവദിച്ചു. എന്നാൽ സ്ഥാപനത്തിൽ നിന്നും വായ്പ അനുവദിച്ചത്, വായ്പ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതിൽ മിഥുൻ കക്കാട്ടേരി എന്ന ഗുണഭോക്താവ് ഓഡിറ്റിന് നേരിട്ട് ഹാജരായി ബാങ്ക് വായ്പ വഴി വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കുകയുണ്ടായി.

അനുലാൽ നമ്പിവീട്ടിൽ എന്ന ഗുണഭോക്താവ് ബാങ്കിലേക്ക് നൽകിയ സബ്സിഡി ഉപയോഗപ്പെടുത്തി വാഹനം വാങ്ങിയിട്ടില്ലായെന്നാണ് പഞ്ചായത്തിൽ നിന്നും ഫോൺ വഴി ബന്ധപ്പെട്ടപ്പോൾ വിശദീകരിച്ചത്. ലോൺ വിതരണ രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സബ്സിഡി നല്കിയ 50000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

ക്രമ നമ്പർ 2,3 പ്രകാരമുള്ള 100,000 രൂപയുടെ തടസം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-8 വാർഷിക പദ്ധതി:മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല

വാർഷിക പദ്ധതി രൂപീകരണത്തിനായി പുന:സംഘടിപ്പിച്ച വിവിധ വർക്കിംഗ് ഗ്രൂപ്പുകളും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളും വികസന സെമിനാർ യോഗവും മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1.വർക്കിംഗ് ഗ്രൂപ്പുകൾ:

മുൻവർഷ പ്രോജക്ടുകളുടെയും സ്ഥിതിവിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിശദാംശം എഴുതി തയ്യാറാക്കുന്നതും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗും വർക്കിംഗ് ഗ്രൂപ്പുകൾകളുടെ ചുമതലയാണ്. ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ പല ഗ്രൂപ്പുകളും പദ്ധതി രൂപീകരണ സമയത്ത് യോഗം ചേരുന്നുണ്ടെങ്കിലും ബന്ധപ്പെട്ട മേഖലയിലുമായി ബന്ധപ്പെട്ട സ്ഥിതി കണക്കുകൾ ശേഖരിച്ച് ക്രോഡീകരണം നടത്തി അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. യോഗങ്ങളിൽ ചെയർമാനും കൺവീനറും പങ്കെടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി രൂപീകരണ സമയത്തും തുടർന്നുള്ള നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിനം കാര്യക്ഷമമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് പദ്ധതി രൂപീകരണ നിർവ്വഹണം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

2.പദ്ധതി ആസൂത്രണ ഗ്രാമസഭകൾ:

പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ ചുമതലയും നടത്തിപ്പിനുള്ള നടപടിക്രമങ്ങളും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമസഭയിൽ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, ചുമതലകൾ, മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണം, അടുത്ത വർഷത്തേക്ക് അയൽസഭ,വാർഡ് വികസന സമിതി എന്നിവ പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ അവതരണം നിർബന്ധമായും ഉൾപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ അജണ്ടയിൽ ഒരിനം മാത്രമായി വരുന്ന വാർഷിക പദ്ധതി രൂപീകരണത്തിന് അർഹമായ സമയവും ഗൗരവവും ലഭിക്കുന്നില്ലായെന്ന് നടപടിക്രമങ്ങൾ പരിശോധിച്ചാൽ വ്യക്തമാവുന്നുണ്ട്. മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണത്തെപ്പറ്റി റിപ്പോർട്ട് ചെയ്യേണ്ട പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യം യോഗങ്ങളിലുണ്ടാവുന്നില്ല. .വികസന സെമിനാരിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ ഗ്രാമസഭകളിൽ തിരഞ്ഞെടുക്കുന്നില്ല. കരട് പദ്ധതി സംബന്ധിച്ച അവതരണങ്ങളെ തുടർന്ന് പരിശോധനയിൽ അംഗീകരിക്കാത്ത പ്രോജക്ട് നിർദ്ദേശങ്ങൾ, ആയതിന്റ കാരണം, ഭേദഗതി നിർദ്ദേശിച്ചതിന്റെ വിവരം, പുതിയതായി നിർദ്ദേശിച്ചവ, പ്രതീക്ഷിത ചെലവ് എന്നിവയുടെ വിവരം ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ മിനുട്സിൽ ഇത്തരത്തിലുള്ള വിശദാംശം രേഖപ്പെടുത്തിയില്ല.

3.പദ്ധതി വികസന സെമിനാർ

ഗ്രാമസഭകൾ അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് വാർഷിക പദ്ധതി പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാടിനും മുൻഗണനകൾക്കും അനുസൃതമാണോ തയ്യാറാക്കിയതെന്ന് വികസന സെമിനാറിലാണ് പരിശോധിക്കപ്പെടുന്നത്. കരട് വാർഷിക പദ്ധതി അച്ചടിച്ച് വികസനസെമിനാറിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യോയെന്ന് വ്യക്തമല്ല. മിനുട്സിൽ വികസന സെമിനാറിൽ പങ്കെടുത്തവർ ഏത് വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണെന്ന് വ്യക്തമാക്കുന്നില്ല. വികസന സെമിനാറിന്റെ മിനുട്സിൽ യോഗ നടപടിക്രമങ്ങളോടൊപ്പം അംഗീകരിച്ച കരട് വാർഷിക പദ്ധതിയും രേഖപ്പെടുത്തേണ്ടതാണ്.

വാർഷിക പദ്ധതി, അനുബന്ധ ഉപപദ്ധതികളുടെ, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

പ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങളിലുണ്ടായ മേൽകാണിച്ച അപാകതൾക്ക് ആദ്യ മറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി- അഗതികളുടെ പുനരധിവാസത്തിനായി രണ്ടാം ഘട്ടം നടപ്പിലായില്ല

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ അഗതികളുടെ പുനരധിവസത്തിന് ആശ്രയ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുള്ളതാണ്. അഗതി കുടുംബങ്ങൾക്ക് ആവശ്യമായ ഭൂമി, പർപ്പിടം, ശുചിത്വസൗകര്യങ്ങൾ, കുടിവെള്ളം, ഭക്ഷണം, വസ്ത്രം, തൊഴിൽ, ചികിത്സ, പെൻഷൻ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയായി നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ അഗതികളായി കണ്ടെത്തിയ 180 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 2011-14 കാലയളവിൽ പൂർത്തിയാക്കാൻ 98.76 ലക്ഷം രൂപ അടങ്കലിൽ ഒന്നാംഘട്ട പദ്ധതി തയ്യാറാക്കിയത് 2017 മാർച്ച് 31 വരെ കാലാവധി നീട്ടി നൽകിയതായി ജില്ലാ മിഷൻ കോർഡിനേറ്ററുടെ അറിയിപ്പിൽ നിന്നും വ്യക്തമാകുന്നു. പുന: പരിശോധനയ്ക്ക് ശേഷം തുടർസേവന പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ട കുടുംബങ്ങളെ കണ്ടെത്തുന്നതിന് അയൽക്കൂട്ടങ്ങൾക്ക് നിർദ്ദേശം നൽകിയതായി അറിയുന്നു. രണ്ടാം ഘട്ട പ്രോജക്ടിലേക്കുള്ള ഗുണഭോക്തൃകുടുംബങ്ങളെ കണ്ടെത്താനുള്ള സർവ്വേ നടപടി മാത്രമാണ് പൂർത്തിയാക്കാനായത്.

അംഗീകൃത പദ്ധതിയിൽ കൈവരിച്ച ഭൗതികനേട്ടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പരിചരണ സേവനങ്ങൾ | ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് | ആനുകൂല്യം നൽകിയത് |
|---|---|---|
| സ്ഥലം വാങ്ങൽ | 13 | - |
| ഭവനനിർമ്മാണം | 49 | 23 |
| വീട് റിപ്പയർ | 71 | 40 |
| ശുചിത്വസൗകര്യം | 61 | - |
| കുടിവെള്ളം | - | - |
| കറന്റ് കണക്ഷൻ | - | - |
| സ്വയം തൊഴിൽ | 48 | - |

ആശ്രയ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1.വകയിരുത്തിയ ഫണ്ട് മുഴുവനായും ലഭ്യമാക്കാനായില്ല

ഒന്നാം ഘട്ട പദ്ധതിക്കായി വകയിരുത്തിയ 98.76 ലക്ഷം രൂപയിൽ 2016-17 ലെ ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് ചെലവ് 7 ലക്ഷം രൂപ ഉൾപ്പെടെ 52.15 ലക്ഷം രൂപ മാത്രമാണ് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായത്. ഗ്രാമപഞ്ചായത്ത് അനുവദിക്കേണ്ട വികസന ഫണ്ട് വിഹിതത്തിൽ 35.33 ലക്ഷവും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6ലക്ഷവും ചാലഞ്ച് ഫണ്ട് വിഹിതം 13.62 ലക്ഷവും പദ്ധതിക്ക് ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും വികസന ഫണ്ട് വകയിരുത്തിയ തുക മുഴുവനായി പദ്ധതിക്ക്

വകമാറ്റുന്നതിലും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ളവ ലഭ്യമാക്കുന്നതിലും കാര്യക്ഷമമായ നടപടിയുണ്ടായിട്ടില്ല. വകയിരുത്തിയ തുക മുഴുവനായും നേടിയെടുക്കുന്നതിൽ കുടുംബശ്രീ,പഞ്ചായത്ത് ഭരണ സമിതികളുടെ കൃത്യമായ മേൽനോട്ടം ആവശ്യമാണ്.

2.പരിമിതമായ കുടുംബങ്ങൾക്ക് മാത്രം സേവനം ലഭ്യമാക്കി

അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, ശുചിത്വ സൗകര്യം, ,കുടിവെള്ളം,കറന്റ് കണക്ഷൻ എന്നീ സേവനങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശമാണ് പത്രികയിൽ ചേർത്തത്. ഒന്നാം ഘട്ടത്തെ പദ്ധതിയിൽ 32 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 23ഗുണഭോക്താക്കൾക്കും വിട് റിപ്പയറിന് 40 ഗുണഭോക്താക്കൾക്കുമാണ് ധനസഹായം നൽകിയത്. ഭൂമി വാങ്ങൽ, ശുചിത്വ സൗകര്യം, കുടിവെള്ളം, കറന്റ് കണക്ഷൻ എന്നീ സേവനങ്ങൾ ആർക്കും നൽകാനായിട്ടില്ല. അഗതി കുടുംബങ്ങൾക്ക് നിഷേധിക്കപ്പെട്ട സേവനങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ട പദ്ധതി അതേ രീതിയിൽ നടപ്പിലാകുന്നതിന് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

3. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമല്ല

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. 28.19.2006 മുതലുള്ള സമിതിയുടെ മിനട്സാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വിലയിരുത്തൽ സമിതിയുടെ മീറ്റിംഗുകൾക്കിടയിൽ വലിയ കാലയളവ് വരുന്നുണ്ട്. ഉദാഹരണമായി 25.10.2011 ന് ശേഷം 19.06.2014നും തുടർന്ന് 11.01.2015, 23.02.2015, 08.06.2015 എന്നിങ്ങനെ തീയതികളിലുമാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നതായി കാണുന്നത്. രണ്ടാം ഘട്ട പദ്ധതിയിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ ലിസ്റ്റ് 13.02.2017 നാണ് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് നൽകിയത്. പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം നിരീക്ഷിക്കുന്നതിനായിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ യോഗത്തിൽ പരിശോധിച്ചതായി ഭരണ സമിതിയുടെ മിനട്സിൽ നിന്നും വ്യക്തമല്ല. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിൽ പഞ്ചായത്ത് ഭരണ സമിതിയുടെ കൃത്യമായ മേൽനോട്ടമുണ്ടാവേണ്ടതാണ്.

അപാകതകൾ രേഖാമൂലം ഉത്തരവാദിയായവരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| താനൂർ ബ്ലോക്ക് പഞ്ചായത്ത് | 300,000 | പ്രൊജക്ട് നം. 101/2017 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ | 3,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 104/17 അംഗൻ വാടികൾക്ക് കുഴൽക്കിണർ നിർമ്മാണം | 57/ 2016-17, 31-3-17 | 54,370 മെയിന്റനൻസ് റോഡിതരം | - | - | 54,370 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 6200 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം - 2016-17</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | 5000 |

വാർഷിക കണക്കു പ്രകാരം (ഷെഡ്യൂൾ B-12) 577,729/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ടെങ്കിലും 5000/-

രൂപയുടെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33,34,35,36 | 2003-04 | മറ്റ് പരാമർശങ്ങൾ എന്നതിൽ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-2017 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,58,36,852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,39,39,087 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,34,403 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1930000<br>408236 | ശ്രീ. ജി സുരേന്ദ്രൻ, അസി. സെക്രട്ടറി ഇൻ ചാർജ്ജ്<br>ശ്രീ. കെ ജയൻ സെക്രട്ടറി |
| 3-2 | 25000 | ശ്രീ ശശിധരൻ കെ പി,<br>ഹെഡ് മാസ്റ്റർ |
| 3-3 | 296167 | ഡോ.ഹാഷിം പി പി.<br>മെഡി. ഓഫീസർ പി.എച്ച്.സി |

| | | |
|---|---|---|
| 3-4 | 75000 | “” |
| 3-5 | 100000 | “”ഹോമിയോ |
| 3-7 | 100000 | ഡോ. സമീറ കെ,<br>അസി.സെക്രട്ടറി |
| ആകെ | 29,34,403 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 | 7.10.2010 | 5 |
| 1997-98 | എൽ.എഫ്.എം.15/622/02 | 7.10.2010 | 16 |
| 1998-99 | എൽ.എഫ്.എം.15/740/04 | 7.10.2010 | 33 |
| 1999-00 | എൽ.എഫ്.എം.8/850/04 | 7.10.2010 | 19 |
| 2000-01 | എൽ.എഫ്.എം.15/894/04 | 7.10.2010 | 27 |

| | | | |
|---|---|---|---|
| 2001-02 (വരവ്) | എൽ.എഫ്.എം.15/1489/08 | 7.10.2010 | 13 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/139/08 | 7.10.2010 | 2 |
| 2002-03 | എൽ.എഫ്.എം.15/140/08 | 7.10.2010 | 8 |
| 2003-04 | എൽ.എഫ്.എം.11/141/08 | 7.10.2010 | 11 |
| 2004-05 | എൽ.എഫ്.എം.11/409/09 | 22.10.2011 | 11 |
| 2005-06 | എൽ.എഫ്.എം.11/100/10 | 20.8.2010 | 9 |
| 2006-07 | എൽ.എഫ്.എം.11/101/10 | 20.8.2010 | 11 |
| 2007-08 | എൽ.എഫ്.എം.15/478/11 | 11.07.2011 | 22 |
| 2008-09 | എൽ.എഫ്.എം.15/1179/11 | 06.08.2011 | 27 |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13 | 13.12.2013 | 26 |
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016 | 02.03.2016 | 9 |
| 2013-14 , 2014-15 | കെ.എസ്.എ. എം. പി. എം.15/2013/2016 | 3.8.2016 | 8 |
| 2015-16 | കെ.എസ്.എ. എം. പി. എം.15/3400/2016 | 25.01.2017 | 12 |

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.15/2034/2017

കേരള സംസസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി : 03-10-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.15/2034/2017

Kerala State Audit Department

District office ,Malappuram
Date: 03-10-2017

Certified that I have audited the Annual Financial Statement of CHERIYAMUNDAM Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of CHERIYAMUNDAM Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram